# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

06.06.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 1002

## സംസ്ഥാനത്തെ ക്ഷീര ഉത്പാദനം

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

(എ) സംസ്ഥാനത്തെ ക്ഷീര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും എന്തൊക്കെ കർമ്മപദ്ധതികളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

**ഉത്തരം**

**ശ്രീ.കെ രാജു**
**(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)**

(എ) 1) സംസ്ഥാനത്തെ ക്ഷീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

2) **തീറ്റപ്പുൽകൃഷി വികസന പദ്ധതി:**
ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടിയും വർഷം മുഴുവൻ തീറ്റ പുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനും കർഷകർക്ക് തീറ്റപ്പുൽകൃഷിയ്ക്ക് ധനസഹായം ചെയ്യുന്ന തിനും അസോള, ചോളം, വൻപയർ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി വകുപ്പ് തീറ്റപ്പുൽകൃഷി നടപ്പിലാക്കിവരുന്നു. പച്ചപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഹൈഡ്രോപോണിക് തീറ്റപ്പുൽകൃഷി ഉല്പാദന പരിപാടിയും നടപ്പിലാക്കി വരുന്നു. കൂടാതെ, സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിൽ പുല്ല് വിൽക്കുന്നതിന് വനിതകളെ ഉൾപ്പെടുത്തി ഗോപാലിക തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കി വരിക യാണ്. തരിശുനിലങ്ങളിൽ വ്യാപകമായി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ സംഘങ്ങളിലൂടെ തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) **മിൽക്ക്ഷെഡ് വികസന പദ്ധതി:**
ഉല്പാദനക്ഷമതയുള്ള സങ്കരയിനം പശുക്കളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വരെയുള്ള ഡെയറി യൂണിറ്റുകൾക്ക് ധനസഹായം, ക്ഷീര കർഷകന് ആവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണ ധനസഹായം, വിമൺ ക്യാറ്റിൽ കെയർ പ്രോഗ്രാം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

4) **കാലിത്തീറ്റ സബ്സിഡി:**
കാലിത്തീറ്റ വിലവർദ്ധനവ് ക്ഷീരകർഷകരുടെ ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി

സംഘത്തിലളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ, ഉരുക്കൾക്കാവശ്യമുള്ള ധാതുലവണമിശ്രിതം വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും ക്ഷീര കർഷകർക്ക് സംഘം മുഖേന വിതരണം നടത്തിവരുന്നു.

5) **<u>പ്രാഥമിക ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം</u>**:

ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിന് ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പാൽസംഭരണ മുറികളുടെ നിർമ്മാണം / പുനരുദ്ധാരണം, ആവശ്യാധിഷ്ഠിത ധനസഹായം, ഡോക്യുമെന്റേഷൻ, ഡാറ്റാ ബാങ്ക് രൂപീകരണം, ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, എ.എം.സി.യു. (ഓട്ടോമേറ്റഡ് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ തുടങ്ങി വിവിധങ്ങളായ പരിപാടികൾ നടപ്പിലാക്കി വരുന്നു.

6) **<u>ഗ്രാമീണ വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസും</u>**:

പാലുല്പാദനത്തിലുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റം, കാലിത്തീറ്റയായി ഉപയോഗപ്പെടുത്താവുന്ന തദ്ദേശീയമായ വസ്തുക്കൾ എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ, സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികൾ, പരിശീലന പരിപാടികൾ, പാലിന്റെ ഗുണമേന്മാവർദ്ധനവ് തുടങ്ങിയ വിവിധ വിഷയങ്ങൾ വിജ്ഞാനവ്യാപന പ്രവർത്തനത്തിലൂടെ കർഷകരിലെത്തിക്കുന്നു.

| | |
|---|---|
| (ബി) കഴിഞ്ഞ 2 വർഷങ്ങൾ കൊണ്ട് ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്നും ഇതു വഴി സംസ്ഥാനത്തിന്റെ പാലുൽപ്പാദനത്തിൽ എത്ര വർദ്ധനവ് ഉണ്ടായെന്നും വിശദമാക്കാമോ; | (ബി) 1) ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭിച്ചിരുന്ന വില ശാസ്ത്രീയമായി പരിഷ്കരിച്ചു.<br>2) സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1/-രൂപ പ്രകാരം കാലിത്തീറ്റ ധനസഹായം അനുവദിച്ചു.<br>3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ക്ഷീരവികസന വകുപ്പ് നൽകുന്ന കാലിത്തീറ്റ ധനസഹായം ഉൾപ്പെടെ ലിറ്ററിന് 4/-രൂപ വരെ കർഷകർക്ക് ധനസഹായം അനുവദിച്ചു.<br>4) പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലവിലുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി.<br>5) കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും കറവയന്ത്രം, മറ്റ് ജോലികൾ ലഘൂകരിക്കുന്നതിനാവശ്യമായ മെക്കനൈസേഷൻ മുതലായവയ്ക്കായി ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി നടപ്പിലാക്കി.<br>6) തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ പ്രദേശങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു. കൂടാതെ തരിശു നിലങ്ങളിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനായി പ്രത്യേക പദ്ധതിയും നടപ്പിലാക്കി. |

7) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പരിഷ്കരിച്ച നടപ്പിലാക്കി
8) വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിനായി ക്ഷീരസഹകരണ സംഘങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുകയും കമ്പ്യൂട്ടർ വൽകരണം നടപ്പിലാക്കുകയും ചെയ്തു.
9) ക്ഷീരകർഷകരുടെ കടം എഴുതിതള്ളി.
10) വരൾച്ച നേരിടുന്നതിനായി അടിയന്തിര സഹായം അനുവദിച്ചു. മേൽ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെയാണ് പ്രതികൂല സാഹചര്യത്തിലും ക്ഷീരോല്പാദക മേഖലയിൽ വൻപുരോഗതി കൈവരിക്കുവാൻ കഴിഞ്ഞത്.

പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷം ആകെ 594034887 ലിറ്റർ പാൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സംഭരിച്ചു. 2017-18-ൽ 664212532 ലിറ്റർ പാലും സംഭരിച്ചിട്ടുണ്ട്. 11.81% ത്തിന്റെ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്.

(സി) ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

(സി) ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**തീറ്റപ്പുൽകൃഷി വികസന പദ്ധതി:**

ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനു വേണ്ടിയും വർഷം മുഴുവൻ തീറ്റപ്പുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനും കർഷകർക്ക് തീറ്റപ്പുൽകൃഷിയ്ക്ക് ധനസഹായം ചെയ്യുന്നതിനും അസോള, ചോളം, വൻപയർ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്ന തിനുമായി വകുപ്പ് തീറ്റപ്പുൽകൃഷി നടപ്പിലാക്കി വരുന്നു. പച്ചപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഹൈഡ്രോ പോണിക് തീറ്റപ്പുൽകൃഷി ഉല്പാദന പരിപാടിയും നടപ്പിലാക്കി വരുന്നു. കൂടാതെ, സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിൽ പുല്ല് വിൽക്കുന്നതിന് വനിതകളെ ഉൾപ്പെടുത്തി ഗോപാലിക തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കി വരികയാണ്. തരിശുനിലങ്ങളിൽ വ്യാപകമായി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ സംഘങ്ങളിലൂടെ തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മിൽക്ക് ഷെഡ് വികസന പദ്ധതി:**

ഉല്പാദനക്ഷമതയുള്ള സങ്കരയിനം പശുക്കളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വരെയുള്ള ഡെയറി യൂണിറ്റുകൾക്ക് ധനസഹായം, ക്ഷീര കർഷകന് ആവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണ ധനസഹായം, വിമൺ ക്യാറ്റിൽ കെയർ പ്രോഗ്രാം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

**<u>കാലിത്തീറ്റ സബ്സിഡി:</u>**

കാലിത്തീറ്റ വിലവർദ്ധനവ് ക്ഷീര കർഷകരുടെ ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി സംഘത്തിലളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ, ഉരുക്കൾക്കാവശ്യമുള്ള ധാതുലവണമിശ്രിതം വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും ക്ഷീര കർഷകർക്ക് സംഘം മുഖേന വിതരണം നടത്തിവരുന്നു.

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധി മുഖാന്തിരം അംഗങ്ങളായവർക്ക് പെൻഷൻ, കുടുംബ പെൻഷൻ. വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം തുടങ്ങി വിവിധങ്ങളായ ക്ഷേമപരിപാടികളും നടപ്പിലാക്കി വരുന്നു. ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ക്ഷീരകർഷകരെ ഈ മേഖലയിൽ നില നിർത്തുന്നതിനുവേണ്ടിയും, പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും വേണ്ടിയുമാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

**സെക്ഷൻ ഓഫീസർ**